ലക്കം 56

ഇതളുകൾ

eMagazine



14th ANNIVERSARY EDITION

Pure Since 1925

THE RED DOT WITH 100 YEARS OF LEGACY
NOW AT THE LITTLE RED DOT.

BHIMA
JEWELLERS

NOW OPEN



To locate store, scan QR code

202, Serangoon road, Little India, Singapore | bhimagold.sg

ഇതളുകൾ വിരിയുമ്പോൾ



ഡോ.സത്യൻ പൂക്കുട്ടത്ത്
ചീഫ് എഡിറ്റർ
ഇതളുകൾ



കവർ ചിത്രം
ജലീല

Design & Layout

emerge INFOTECH
www.emergeinfotech.com

Please visit www.sgmalayalees.com
for your free online copies of Ithalukal

The articles of Ithalukal are the visions and expressions of authors only. We respect your valuable feedback and inviting genuine creations/ articles for the next edition. Kindly email to Ithalukal: editors@sgmalayalees.com

03 ഇതളുകൾ വിരിയുമ്പോൾ
04 നഖപ്പൊട്ട്
രാജൻ കൈലാസ് (കവിത)
05 കിളിപ്പേച്ച്
സവിന കുമാരി (കവിത)
06 ശങ്കരൻ
നിധീഷ് പ്രേംകുമാർ (കഥ)
10 ഏക് താര
ഡോ. ഇ. സന്ധ്യ (കവിത)
11 അഞ്ചു സാക്ഷികൾ
അരുൺ ഗാന്ധിഗ്രാം (കവിത)
13 ഭ്രമരം
ശ്രീഹരി (കഥ)
15 സ്മൃതിവിചാരം
വിനീത ശേഖർ (കവിത)
16 സാന്ദ്രം
അപർണ്ണ ആരുഷി (കഥ)
17 നീർക്കുമിളകൾ
ശ്രീദേവി വിജയൻ (കവിത)
18 രാത്രിയിലെ ലൈബ്രറി തുറന്ന മുയൽ
ആർ രാധാകൃഷ്ണൻ (കഥ)
19 വീണ്ടെടുക്കൽ
താരാ കമൽ (കവിത)

കവിത

നഖപ്പാട്

വോട്ട് ചെയ്തപ്പോൾ
നഖത്തിൽ കുത്തിയ
കറുത്ത അടയാളം
അഭിമാനത്തിന്റേതായിരുന്നു!


വോട്ടെണ്ണിക്കഴിഞ്ഞപ്പോഴേക്കും
നഖം വളർന്നു...
ഒപ്പം കറുത്ത പാടും
മുന്നോട്ടു നീങ്ങി....

തർക്കവിതർക്കങ്ങൾക്കും
ഒത്തുതീർപ്പുകൾക്കും ഒടുവിൽ
അധികാരക്കസേരകളൊരുങ്ങാൻ
വീണ്ടും കുറെ നാൾ...
അപ്പോഴേക്കും
കറുത്ത പാട്,
ഒരു പൊട്ടായി നഖത്തിന്റെ
അഗ്രഭാഗത്തെത്തിയിരുന്നു..

അധികാരവണ്ടികൾ
അതിവേഗത്തിൽ
പാഞ്ഞു തുടങ്ങിയപ്പോൾ
വീണ്ടും ആ പൊട്ടിലേക്ക്
നോക്കി...

പ്രതീക്ഷകളോടൊപ്പം
വളർന്നു വളർന്നു നഖം
ആ കറുത്ത പൊട്ടിനെ
പുറത്താക്കിക്കഴിഞ്ഞിരുന്നു.

ഇനിയെന്നാണത്
തിരിച്ചെത്തുക?
രണ്ടു കറുത്ത
പൊട്ടുകൾക്കിടയിലെ
കാത്തിരിപ്പാണല്ലോ
ജനാധിപത്യം!!



രാജൻ കൈലാസ്

കവിത



കിളിപ്പേച്ച്

വീട്ടിലേക്കുള്ള വഴിയിൽവച്ചൊരു
കാഴ്ച കാലിൽ ചുറ്റുന്നു
കൂട്ടിലടച്ച കിളികളെ
കേട്ടിരിക്കുന്ന
ഒരു കൂട്ടം മനുഷ്യർ!

ഞാൻ നിന്നു
എനിക്കുമവർക്കുമിടയിലുണ്ടു ദൂരം.

അവർ സ്വസ്ഥതയുടെ സമതലമണഞ്ഞവർ;
തിരയിളക്കമില്ലാത്ത തടാകം പോലെ,
അവരുടെ ഹൃദയങ്ങൾ.

എരിവേനലുകളിൽ വെന്തും
കാർമേഘക്കോളുകളിൽ കുതിർന്നും
കയറ്റിറക്കങ്ങളിൽ വഴുതി വീണും
മുറിവേറ്റും
മുറിവാറ്റിയും
വെട്ടി വെടിപ്പാക്കി വഴി തെളിച്ചും
നേടിയും വെടിഞ്ഞും
വൈകി മാത്രമെത്തിച്ചേർന്നിടമാണവർക്കത്.

അവിടെയിരുന്നവർ
മൗനത്തിന്റെയും വിരസതയുടെയും നൂലുകളെ
കിളിപ്പേച്ചിൽ കോർത്ത്
സമയമെന്ന വട്ടത്തിൽ
ആനന്ദം നെയ്യുന്നു.

കിളികളോ,
എന്നോ പറന്നൊരാകാശമെന്ന ഓർമ്മയിലേക്ക്
ചിറകൊതുക്കുന്നു;
പണ്ടെന്നോ തൊണ്ടയിലുറഞ്ഞ പാട്ടുകളെ
ഖനനം ചെയ്യുന്നു.

ഞാൻ തെല്ലൊന്നിരുന്നു;
കാണുന്നു
കിളികൾ പാട്ടുകളാവുന്നത്...
മനുഷ്യരവയിൽ ചേക്കേറുന്നത്...

ആരാരിലേക്കാർത്തു കയറുന്നുവെന്നറിയാതെ
പാട്ടുമുടലും...

കൂട്ടത്തിലേറ്റവും മധുരതരമായൊരു
പാട്ടിനെ,യവർ
ചെവിയിൽ പൊതിഞ്ഞെടുക്കുന്നു.
ഒന്നിച്ചിരിക്കുന്നതിന്നാഹ്ലാദത്തെ
പങ്കിട്ടെടുക്കുന്നു.

പലവഴി പിരിഞ്ഞ്,
കിളികളെയുംകൊണ്ടവർ
മേഘക്കൊളുത്തുകളിൽ
തൂങ്ങിയാടുന്ന
ബഹുനില വീടുകളിലേക്കു കയറിപ്പോവുന്നു.

എല്ലാ തത്രപ്പാടുകളെയും
തോളത്തിട്ട്
ഞാനും വീടണയുന്നു.

ജീവന്റെ കലമ്പൽ!



സിംഗപ്പൂരിൽ പലയിടങ്ങളിലായി കാണപ്പെടുന്ന ഒരു വിനോദമായ Bird singing appreciation corner നെ ആസ്പദമാക്കി എഴുതിയത്. കൂട്ടിലടച്ച കിളികളുമായി വരുന്ന ഉടമസ്ഥർ കൂട്ടമായിരുന്ന് അവയുടെ പാട്ടുകേൾക്കുന്നു ഏറ്റവും മധുരമേറിയ കിളിക്കൊഞ്ചലിന് സമ്മാനവും നൽകുന്നു.

സവിന കുമാരി

കഥ

ശങ്കരൻ



ഈ കഥ നടക്കുന്നത് തലശ്ശേരി പട്ടണത്തിന്റെ ഹൃദയഭാഗത്താണു. തെരുവോരങ്ങളിൽ കാളവണ്ടികളും കുതിരവണ്ടികളും സഞ്ചാരം നടത്തുന്ന ആ പഴയകാലം. തലശ്ശേരി മലബാറിന്റെ പറുദീസാ ആയിരുന്ന കാലം. വ്യാപാരത്തിന് എന്തുകൊണ്ടും അനുയോജ്യമായ നല്ല ഹൃദയമുള്ളവരുടെ നല്ല സംസ്കാരമുള്ളവരുടെ തറവാട്. അറബിക്കടലിന്റെ തലോടൽ യുഗങ്ങളായി ഏറ്റുവാങ്ങുന്ന മലബാറിന്റെ സുന്ദരിക്കുട്ടി.

പട്ടണത്തിനു നടുവിൽ കടലിനോടു ചേർന്നുള്ള നാലു മുറി പീടികക്കുമുന്നിലേക്കു ഒരു കുതിരവണ്ടിയിൽ വന്നിറങ്ങുന്നു ശങ്കരൻ മുതലാളി. വെളുത്തു തുടുത്തു ആണൊരുത്തന്റെ തലയെടുപ്പോടെ നവരത്നക്കല്ലുകൾ പതിച്ച സ്വർണ മോതിരം കുതിരവണ്ടിക്ക് മീതെ പിടിച്ചപ്പോൾ സൂര്യ കിരണങ്ങൾ പതിച്ചു വെട്ടി തിളങ്ങി അത്. എണ്ണയിട്ട മേലോട്ട് പറ്റിച്ചു ചീകിയ



നിധീഷ് പ്രേംകുമാർ

മുടി, ഇസ്തിരി ഇട്ടു പള പള മിന്നുന്ന ഒരു കറുത്ത സഫാരി കുർത്ത, അതിൽ സ്വർണ്ണം പതിച്ച കുടുക്കുകൾ. രാവിലെ സ്വന്തം കച്ചവട സ്ഥാപനത്തിലെക്കുള്ള വരവാണു. അരികിൽ അരിക്കച്ചോടം നടത്തുന്ന മമ്മദും എതിരെ വെളിച്ചെണ്ണ വ്യാപാരം നടത്തുന്ന ദിവാകരനും ആ പ്രൗഡി കണ്ടു അന്യോനം നോക്കി പുച്ഛമിട്ടു.

നഗരത്തിലെ പച്ചക്കറി വ്യാപാരത്തിന്റെ മൊത്തവ്യാപാരി ആയിരുന്നു ശങ്കരൻ മുതലാളി. എവിടെ നിന്നോ ചുറ്റിത്തിരിഞ്ഞു വർഷങ്ങൾക്കു മുന്നേ പേരറിയ നഗരത്തിലെത്തിയ ശങ്കരന്റെ ഉദയം അവന്റെ കഠിനാധ്വാനവും സത്യസന്ധതയും ഒന്ന് കൊ്ു മാത്രമായിരുന്നു. ഒരു നാൾ തന്റെ പീടികക്കു മുന്നിൽ വിശന്നു തളർന്നുറങ്ങുന്ന ബാലനെ കടയുടമ തട്ടിയുണർത്തുന്ന നിമിഷം വരെ അച്ഛന്റെ പീഡനങ്ങൾ സഹിക്കവയ്യാതെ നാടുവിട്ട ഊരുതെണ്ടി ചെക്കനായിരുന്നു ശങ്കരൻ. ബാലന്റെ സ്ഥിതി കണ്ട കടയുടമ അവനു കുറച്ചു ഉപ്പുമാവും കട്ടൻ ചായയും വെച്ചുനീട്ടി. മടിയോടെയെങ്കിലും ശ്വാസം മുട്ടിക്കുന്ന വിശപ്പിന്റെ പിടിയിൽ നിന്നും ഒരു മോചനത്തിനായി അവൻ ആർത്തിയോടെ അത് കഴിച്ചു തീർത്തു.

പീടികയുടെ പലക നീക്കാൻ മുതലാളിയുടെ സമ്മതത്തിനു നിക്കാതെ അവനും കൂടി, അതായിരുന്നു അവന്റെ ജോലിപ്രവേശനം. ഒന്ന് അവനെ നോക്കിയശേഷം കടയുടമ അവനോടു പറഞ്ഞു, പോകാൻ ഇടമില്ലെങ്കിൽ ഇവിടെ സഹായിയായി കൂടിക്കോളൂ. നാഥനില്ലാത്തവനു നാഥനും ഇടമില്ലാത്തവനു തലവെക്കാൻ ഇടവും കിട്ടിയതിൽ അവൻ ഈശ്വരനെ മനസ്സാസ്മരിച്ചു.

മുതലാളിയോടോപ്പോം കൂടി അവനും നിത്യ ജോലികൾ പഠിച്ചുവന്നു, അവന്റെ ചുറുചുറുക്കും ആളുകളോടുള്ള ഇടപെടലുകളും മുതലാളിയെ തെല്ലൊന്നുമല്ല സന്തോഷിപ്പിച്ചതു. മാസങ്ങൾക്കുള്ളിൽ മുതലാളിയുടെ മനസപുത്രനായി ശങ്കരൻ. ശങ്കരന്റെ ആഗമനത്തോടെ വ്യാപാരം അനുദിനം ഉയർന്നു വരുന്നത് കാണുന്ന മുതലാളി അത്യന്തം സന്തോഷവാനായി. വ്യാപാരശേഷം കിഴിയിൽ കൊണ്ടുപോകുന്ന പണം ഇപ്പോൾ സഞ്ചിയിലാണ് വീട്ടിൽ കൊണ്ടു പോകുന്നത്.

വർഷങ്ങൾ പലതു കടന്നുപോയി, ഓണവും വിഷുവും അണ്ടലൂരെ തിറയും പലതു കടന്നുപോയി. ഇപ്പോൾ ശങ്കരൻ ഒരു യുവാവായിരിക്കുന്നു. വെളുത്തു മെലിഞ്ഞ ഇടതൂർന്ന ചുരുണ്ട മുടിയുള്ള കട്ടിമീശക്കാരനായ യുവകോമളൻ. കടമുറി ഒന്നോടൊന്നു ചേർത്ത് വിസ്തൃതിപ്പെടുത്തിയിരിക്കുന്നു.

ഒരോണത്തിനു തൊഴിലാളികൾക്കായുള്ള ഒരുക്കിയപ്പോൾ ശങ്കരന്റെയും തന്റെ മകൾ ചീരുവിന്റെയും കണ്ണുകൾ പരസ്പരം കഥകൾ പറയുന്നതു പലതവണ മുതലാളിയുടെ കണ്ണിൽ പെടുകയുണ്ടായി. വർഷങ്ങളായി ശങ്കരനെ അറിയുന്ന മുതലാളി മനസ്സാ അവനെ മകനായി സ്വാഗതം ചെയത്.
എല്ലാ ബന്ധു ജനങ്ങളുടെയും അനുഗ്രഹത്തോടെ ശങ്കരൻ ചീരുന്നു പുടവ കൊടുത്തു.

മെല്ലെ മെല്ലെ മുതലാളി കടയുടെ നടത്തിപ്പു ശങ്കരനെ ഏൽപ്പിച്ചു കൂടുതൽ സമയം തീർഥാടനങ്ങൾക്കു ചിലവഴിച്ചു. കിട്ടിയ മുതൽ ശങ്കരൻ ഇരട്ടിക്കിരട്ടിയായി വർധിപ്പിച്ചു വന്നു. രണ്ടു മുറി പീടികയിൽ തുടങ്ങിയ വ്യാപാരം നാലാണ്ടുകൊണ്ടു മാടമടക്കം എട്ടുമുറിയാക്കി വർധിപ്പിച്ചു. ശങ്കരന്റെം ചീരുന്റേം സന്താനവല്ലരി സദാ പൂത്തു തളിർത്തുകൊണ്ടേയിരുന്നു. ഏഴാമൻ പിറന്നതോടെ തലശ്ശേരി പട്ടണത്തിന്റെ പച്ചക്കറി വ്യാപാരത്തിന്റെ മൊത്തം നാഥനായി ശങ്കരൻ. സഞ്ചിയിലെ കച്ചവടതുക ഇപ്പോൾ ചാക്കിലാണ് ശങ്കരൻ വ്യാപാരശേഷം വീട്ടിലേക്കെടുക്കുക.

ഇതെല്ലം കണ്ടു ഒരു കൂട്ടം അസ്സൂയയോടെ ശങ്കരനെ വീക്ഷിച്ചുപോന്നിരുന്നു.

ഏതുവിധേനയും ശങ്കരനെ തകർക്കാൻ തക്കം പാർത്തിരുന്നു അവർ. അതിനായി അവർ ഗൂഡമായി പദ്ധതികൾ ഒരുക്കി കൊണ്ടിരുന്നു. മയ്യഴി പുഴയുടെ വക്കത്തു ജിന്നിനെ വെച്ച് കാര്യസാധ്യം നടത്തിപ്പോന്ന ജിന്നക്കോയ അവർക്കത്തിനൊരു വഴി ഉപദേശിച്ചു. ശങ്കരന്റെ മുടിയിൽ ജിന്നിനെക്കേറ്റി അവനെ കൊണ്ടുതന്നെ നാല്പത്തിയൊന്നുനാളേക്കു ചവിട്ടി മറികടന്നാൽ ശങ്കരാനുള്ളതെല്ലാം നിങ്ങൾക്കാകും എന്ന് പറഞ്ഞു. ഇതുകേട്ട ശത്രുക്കൂട്ടം വലിയ പ്രതിഫലം നൽകി കോയയെക്കൊണ്ട് കാര്യം നടത്തിച്ചു. അന്ന് രാത്രി മിണ്ടാതെ ഉരിയാടാതെ അവർ ശങ്കരന്റെ പീടികയ്ക്കു മുന്നിലത്തു കുഴിച്ചിട്ടു.

ശങ്കരൻ വലിയ സന്തോഷത്തിലാണു, ചീരുട്ടി വീണ്ടും പച്ചമാങ്ങക്കു ചോദിച്ചിരിക്കുന്നു. എട്ടാമത്തെതു ഒരു പെൺകുഞ്ഞാവാൻ ശങ്കരൻ അതിയായി ആഗ്രഹിച്ചു. പതിവുപോലെ രാവിലെ ശങ്കരൻ വരുന്നതും കാത്തു ശത്രു കൂട്ടം അവിടെ കാത്തിരിപ്പുണ്ടായിരുന്നു.

അവരുടെ പ്രതീക്ഷ തെറ്റിക്കാതെ ശങ്കരൻ അവർവെച്ച കെണി മറികടന്നു. നീണ്ട നാല്പ്പതു ദിവസങ്ങൾ അവർ കാത്തിരുന്നു ആ ദിനത്തിനായി. നാല്പത്തിയൊന്നാം നാൾ പുലർച്ചെ അവർ കാത്തിരുന്ന കാഴ്ച കാണാൻ നേരെത്തെ എത്തി ഇരിപ്പുറപ്പിച്ചു ആ രാക്ഷസക്കൂട്ടം. എന്നെത്തേക്കാളും ഊർജസ്വലനായി അന്ന് തീർക്കേണ്ട കാര്യങ്ങൾ ചെയ്തു തീർക്കാൻ വേഗത്തിൽ നടന്നു കയറി ശങ്കരൻ. വിഷത്തെ മറികടന്ന ഉടനെ ഒരിക്കലും സംഭവിക്കാത്ത രീതിയിൽ വണ്ടിയിൽ കെട്ടിയ കുതിര ചാടിക്കുതിച്ചു. മച്ചിലെ പല്ലികളിൽ ഒന്ന് നേരെ ശങ്കരന്റെ ഉച്ചിയിൽ പതിച്ചു. പല്ലിയെ തട്ടിയ നേരത്തു കൈ തട്ടി കത്തിച്ച നില വിളക്ക് തെറിച്ചു വലംകാലിലെ ചെറുവിരലിൽ കുത്തിവീണു. പിന്നോട്ടെടുത്ത വലംകാൽ പിന്നിൽ വെച്ച തക്കാളിപ്പെട്ടിയുടെ കൂർത്തു നിൽക്കുന്ന ആണിയിൽ തറച്ചു. രക്തം ധാരധാരയായി ഒഴുകികൊണ്ടിരുന്നു. ഇതുകണ്ട ജോലിക്കാർ മുതലാളിയെ സഹായിക്കാൻ ഓടിയെത്തി.
അന്ന് ഉച്ചവരെ പീടികയിൽ ഇരുന്നു ശങ്കരൻ ആദ്യമായി പീടിക അടക്കും മുന്നേ വീട്ടിലേക്കു മടങ്ങി. പിന്നെ ശങ്കരൻ ആ പീടികവാതിൽ താണ്ടിയിട്ടില്ല. അന്ന് രാത്രി മുതൽ അതികഠിനമായ പനി ശങ്കരനെ ബാധിച്ചു. വിക്ഷമാവ്യത്തത്തിലായ ചീരു വൈദ്യരെ വരുത്തി ചികിൽസിപ്പിച്ചു. കാലിലെ മുറിവ് പതിയെ പഴുത്തു കേറി കേറി മുട്ടോളമെത്തി. നടക്കാൻ ആവതില്ലാതെ ഉള്ളതെല്ലാം ഭൂമിയിലുപേക്ഷിച്ചു എട്ടാം കുരുന്നിനെ ഒരുനോക്കു കാണാതെ ശങ്കരൻ യാത്രയായി. മറ്റു കുട്ടികൾ അച്ഛന്റെ കയ്യിൽ തൂങ്ങി കാവിലെ ഉത്സവത്തിനു പോകുമ്പോ, വെടിക്കെട്ട് കാണാൻ അച്ഛന്റെ ചുമലിൽ ഇരുപ്പുറപ്പിക്കുമ്പോൾ, ചാന്തും പൊട്ടും വാങ്ങി നൽകുമ്പോൾ എല്ലാം ആ കുഞ്ഞു മനസ്സുതേങ്ങിയിരിക്കണം. തന്റെ അച്ഛന്റെ ഒരു ഛായാ ചിത്രം പോലും കാണാനാകാതെ ഇന്നും ആ എട്ടാം സ്ഥാനക്കാരി തറവാട്ടിൽ ജീവിക്കുന്നു.

ശങ്കരന്റെ മരണകാരണം ശത്രുക്കൾ ചെയ് പാതകമോ അതോ ശങ്കരനറിയാതെ ശരീരത്തിൽ കൂടിയ പ്രമേഹമടക്കമുള്ള ആരോഗ്യപ്രശ് നങ്ങളോ? ഇതിനൊരുത്തരം ആർക്കും നല്കാൻ കഴിയില്ല, നൽകിയാലും ഒരു കൂട്ടം എപ്പോഴും എക്കാലവും അതിനെ എതിർത്തു കൊണ്ടെയിരിക്കും. സൂക്ഷിച്ചു നോക്കിയാൽ നമുക്കുചുറ്റും ആയിരം ശങ്കരന്മാരുണ്ടാകും കൂടാതെ അവരെ തകർക്കാൻ ജിന്നക്കോയമാരും. അവർക്കെല്ലാമുപരിയായി അനേകം ശ്രമിക്കുന്ന യഥാവിധി ചികിൽസിക്കപ്പെടാത്ത രോഗങ്ങളും...

● ● ●



ENHANCING FOOD EXPERIENCE SINCE 1958

HOUSE BRAND
BATTER MIX AVAILABLE
IN 1KG & 5KG PACK

NET WT: 1KG
250g FREE

CRISPY DOSA&VADA SOFT IDLY



K.N.P Trading Private Limited
in association with
Suriya Trading Enterprises (S) Pte. Ltd

50 Senoko Drive, Singapore 758232
Tel: 62573712 | www.knp-housebrand.com



READY TO COOK \ IDLI - DOSA BATTER \ SPICES \ RICE \ FLOURS \ DHALS AND BEANS \ INSTANT MIXES \ GROUND SPICES \ DRY FRUITS

കവിത



ഡോ. ഇ. സന്ധ്യ

ഏക് താര

ആകാശച്ചെരിവിലേക്ക്
വീഴുന്നുണ്ടായിരുന്നു മഴ പോലെ,
വെളിച്ചം
എങ്ങുനിന്നെന്നോ എങ്ങനെയെന്നോ അറിയാതെ
നീ ചൂണ്ടിക്കാണിച്ചിടത്തേക്ക്
ഞാൻ നിർന്നിമേഷയായി നോക്കിക്കൊണ്ടിരുന്നു
വാക്കുകളില്ല.
വെളിച്ചം തുന്നിക്കൂട്ടുന്ന മൗനത്തിന്റെ ഇടവേളകളിൽ
നിറയെ സംഗീതമുണ്ടായിരുന്നു
ചിലപ്പോഴവ മാനത്തുനിന്നുതിർന്ന
പാട്ടിന്റെ ശകലങ്ങളാണോ എന്നെനിക്കു തോന്നി
ഈ പ്രപഞ്ചത്തെ മുഴുവൻ ഒന്നാക്കുന്ന
ഏതോ ഗന്ധർവ്വ സംഗീതം
ഭൂമിയിലേക്കു വരാനുള്ള ഉപകരണത്തിന്റെ
രണ്ടു കമ്പികളായി നമ്മൾ

ദിവസങ്ങൾ, വർഷങ്ങൾ, യുഗങ്ങളോളം
നമ്മളാ ഇരിപ്പു തുടർന്നു കാണണം
സ്നേഹത്തിന്റെ, പ്രണയത്തിന്റെ
പതുപതുത്ത മെത്തയിൽ മയങ്ങി വീണുകാണണം
നമ്മെത്തൊടാതെ, ഉണർത്താതെ കാലം
മെല്ലെ കടന്നുപോയ്ക്കാണണം
ഉണർന്നപ്പോൾ ചുറ്റും നമ്മൾ
നോക്കുന്നിടത്തൊക്കെ നമ്മൾ, നമ്മൾ മാത്രം
അരികിലൂടൊഴുകുന്നുണ്ട് ഒരു നദി
അതിൽ തെളിയുന്നുണ്ട്, പ്രണയത്താൽ വിശുദ്ധരാക്കപ്പെട്ട
അനേകം അനേകം മുഖങ്ങൾ
എല്ലാം നമ്മുടെ.

കവിത

അഞ്ചു സാക്ഷികൾ



വാഹനം

തുരങ്കപാതയുടെ ഇരുളിൽ,
വാക്കുകളാലും മൗനത്താലും
സംസാരിക്കുന്ന രണ്ടു ഹൃദയങ്ങൾ...

അവയുടെ സ്പന്ദനങ്ങൾ ചോർന്നുപോകാതിരിക്കാൻ,
ചില്ലിനെ മറച്ച തുലാമഴത്തിരശ്ശീല നീങ്ങാതിരിക്കാൻ,
ഞാനെന്റെ വേഗം കുറച്ചു.

ഇടകലർന്ന ശ്വാസങ്ങളിൽ
അവന്റേതേത്, അവളുടേതേത് എന്നു വേർതിരിക്കാനാവാതെ
ഈ കുഞ്ഞുലോകം മാഞ്ഞുപോകാതിരിക്കാൻ
ഞാനേതു ദൈവത്തെയാണ് വിളിക്കേണ്ടത്?

ഒടുവിൽ വഴിതിരിഞ്ഞ് വാതിൽ തുറന്നവൾ ഇറങ്ങുമ്പോൾ,
ഇടതുവശത്തെ ഫ്ലോർ മാറ്റിൽ
അവളുടെ കണ്ണുനീർ വീണു ചിതറി.

ചാറ്റൽമഴ നനഞ്ഞ്
എന്റെ ഇടതു ഹെഡ്‌ലൈറ്റ് മങ്ങി...



പാത

വരുന്ന വഴികളിലെ ചതിക്കുഴികൾ
വാഹനത്തിന് ദൂരെനിന്നേ കാട്ടിക്കൊടുത്തു ഞാൻ.

ഇറ്റുവീഴുന്ന മഴത്തുള്ളികളെയും പേറി
അത് കടന്നുപോകുമ്പോൾ,
ഉള്ളിലെ ഹൃദയമിടിപ്പുകൾ കേട്ട്
ഞാൻ നിശ്ശബ്ദം നിവർന്നുകിടന്നു...

അവരൊരിക്കലും
തീരാൻ കൊതിക്കാത്തൊരു യാത്രയാണിതെന്നറിഞ്ഞിട്ടും,
മറ്റെല്ലാ യാത്രകളെയും പോലെ
ഇതും അവസാനിക്കുമെന്ന് എനിക്കറിയാമായിരുന്നു.

ഒടുവിൽ, വഴിയോരത്ത് അവൾ ഒറ്റയ്ക്ക് ഇറങ്ങുമ്പോൾ,
ആ നനഞ്ഞ കണ്ണുകളിലേക്ക്
ഞാൻ നോക്കിനിന്നു... നിശ്ശബ്ദം.



അരുൺ ഗാന്ധിഗ്രാം



മേഘം

ഊറിക്കൂടി പെയ്യാൻ തുടങ്ങും മുൻപേ
ഞാൻ അവരെ കണ്ടിരുന്നു,
എന്നെ അവർ കണ്ടില്ലെങ്കിലും...

അവർക്കൊരു സ്വകാര്യലോകം തീർത്തു നൽകാൻ
ഞാൻ പെയ്യാൻ തുടങ്ങി.

യാത്ര പകുതിയായപ്പോഴേക്കും
അവളുടെ കണ്ണിൽ ഒരു കാർമേഘമുരുണ്ടുകൂടി;
അതവന്റെ ആണത്തത്തിന്റെ അഹന്തകളെ തകർത്ത്
അവന്റെ കണ്ണുകളിലേക്കും പടർന്നു.

സത്യമായും...
അതിൽ എനിക്ക്
ഒരു പങ്കും ഉണ്ടായിരുന്നില്ല



വലതു കൈവിരലുകൾ

ആ പ്രണയച്ചൂടേറ്റു ഞങ്ങൾ
വലതുകൈവിരലുകൾ,
മഞ്ഞുതരികൾ പോലെ അലിഞ്ഞു തുടങ്ങി!

പാവം, ഇടതുകൈവിരലുകൾ...
ലഭിക്കാതെപോയ ചുംബനങ്ങളെ ഓർത്ത്
അവ മഴത്തുള്ളികളോട് പരിഭവം പറഞ്ഞു.

പാതയുടെ വേഗപരിധിയേക്കാൾ
വേഗത്തിൽ പാഞ്ഞുപോയി സമയം!

ഒടുവിൽ പാതയോരത്ത് അവൾ ഒറ്റയ്ക്കായപ്പോൾ,
ഞങ്ങളിലേക്ക് പെയ്തു തുടങ്ങി
അവളുടെ കണ്ണുകളിലെ കാർമേഘങ്ങൾ...

മഴത്തുള്ളികൾ

ചില്ലുജാലകങ്ങൾക്കു പുറത്തു പെയ്തിറങ്ങി
ഞങ്ങളവർക്കൊരു നേർത്ത തിരശ്ശീലയായി.

എത്തിനോക്കിയ കണ്ണുകളിൽ നിന്ന്
ഞങ്ങളവരെ അദൃശ്യരാക്കി.

അവളുടെ വലതുകൈയിൽ അവൻ കൊടുത്ത
ഓരോ ചുംബനത്തിന്റെ ചൂടിലും
ഞങ്ങൾ
പുറത്തെ തണുപ്പിലും തിളങ്ങുന്നുണ്ടായിരുന്നു!



കഥ

ഭ്രമണം



ശ്രീഹരി

നിലാവ് പൊഴിഞ്ഞ ഒരു രാത്രിയിൽ, ഇടനാഴിയിലെ ഉണങ്ങിയ ഇലകൾക്കിടയിലൂടെ നടന്നുപോകുമ്പോഴാണ് ഞാൻ ആദ്യമായി ആ ശബ്ദം കേട്ടത്. എന്റെ മരവിച്ച കൈകൾ മീതെ ഉയർന്ന ചന്ദ്രനെ നോക്കി, ഞാൻ വാചാലനായി.

"നീ എന്നെ തുറിച്ചു നോക്കുന്നതെന്തിന്, വെള്ളിത്തളികേ?'

പക്ഷേ ചന്ദ്രൻ മൌനം പാലിച്ചു. ആദ്യത്തെ സംഭാഷണമായിരുന്നു അത്.

ഞാൻ ഭ്രാന്താലയത്തിന്റെ ചുമരിൽ നിന്ന് കൊഴിഞ്ഞുവീണ കല്ലുപോലെ എന്റെ ഏകാന്തതയിലേക്ക് വീണ്ടും വീണു.

'ഡോക്ടർ മേനോൻ, ഇന്നത്തെ വിശേഷമെന്താണ്?'

രാഘവേട്ടന്റെ അവസ്ഥ മെച്ചപ്പെട്ടിട്ടില്ല. കഴിഞ്ഞ മൂന്നാഴ്ചയായി അയാൾ ചന്ദ്രനോട് സംസാരിക്കുന്നു. സ്കിസോഫ്രീനിയയുടെ ഗുരുതരമായ കേസാണ്. നൈറ്റ് ഷിഫ്റ്റിലെ നഴ്സ് മാത്രമേ ഇത്തരം രോഗികളെ കൈകാര്യം ചെയ്യാൻ തയ്യാറാകൂ.' ഡോക്ടർ മേനോൻ തന്റെ മെഡിക്കൽ ചാർട്ടിലേക്ക് നോക്കി പറഞ്ഞു.

അടുത്ത മുറിയിൽ രാഘവേട്ടൻ വാതിലിന് അപ്പുറം കൂർക്കംവലിച്ചുറങ്ങുന്നു. അയാളുടെ കൈകളിൽ വിരൽത്തുമ്പുകൾ നീല നിറമാർന്നിരിക്കുന്നു കഴിഞ്ഞ മാസം മുഴുവനും അയാൾ തന്റെ മുറിയുടെ ചുമരിൽ ചന്ദ്രന്റെ ചിത്രങ്ങൾ വരച്ചു കൊ ിരുന്നു. നീലയും വെള്ളയും കൂടിക്കലർന്ന ചിത്രങ്ങൾ, ഉറ്റുനോക്കുന്ന കണ്ണുകൾ.

'ഈ മരുന്ന് കൊടുത്തിട്ട് ശ്രദ്ധിക്കണം. ഇന്ന് പൂർണിമയാണ്. 'ഡോക്ടർ മേനോൻ എഴുതി ത്തയ്യാറാക്കിയ കുറിപ്പ് നഴ്സിന് കൈമാറി.

ചന്ദ്രൻ എന്നോട് പറഞ്ഞു, 'രാഘവാ, നിന്റെ ജീവിതം എന്റെ പ്രകാശത്തിന് സമാനമാണ് ഒരിക്കലും അതിന്റെ അടിത്തട്ടിലേയ്ക്ക് എത്തിനോക്കാൻ നിനക്ക് കഴിഞ്ഞിട്ടില്ല."

ഞാൻ ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി. പൂർണചന്ദ്രനോടുള്ള എന്റെ അഭിനിവേശം എന്നെ ഇവിടെ എത്തിച്ചിരിക്കുന്നു. ഭ്രാന്താലയത്തിലെ മുപ്പതാം മുറിയിലെ ജനലിലൂടെ പുറത്തേയ്ക്ക് നോക്കുമ്പോൾ, ഞാൻ തിരിച്ചറിഞ്ഞു എന്റെ ഭാര്യ പ്രിയ എന്നും പറഞ്ഞ വാക്കുകളുടെ അർത്ഥം:
"നീ ഉള്ളിൽ കൊണ്ടുനടക്കുന്ന ഭ്രാന്ത് ഒരു ദിവസം നിന്നെ കൊന്നുകളയും."

എന്റെ ഭാര്യ പ്രിയ... അവൾ എവിടെയാണ്? ഞാൻ തലയിണയിൽ മുഖം പൂഴ്ത്തി. ആ രാത്രിയും ഞാൻ ഒരിക്കലും മറക്കില്ല.
'രാഘവാ, ചായ കുടിക്കാൻ വാ.' പ്രിയയുടെ ശബ്ദം അടുക്കളയിൽ നിന്ന് ഉയർന്നു. 'ഇപ്പോൾ വരാം,' ഞാൻ മറുപടി നൽകി. എന്നിട്ടും ജനാലയിൽ നിന്ന് എന്റെ കണ്ണുകൾ മാറ്റാൻ കഴിഞ്ഞില്ല.
ഇന്ന് പൂർണചന്ദ്രൻ. അവന്റെ ദർശനം ലഭിക്കാതെ അടുക്കളയിലേയ്ക്ക് പോകാൻ എനിക്ക് മനസ്സിൽ കഴിഞ്ഞില്ല.

നോട്ടുപുസ്തകത്തിൽ മൂന്നാം പേജിൽ ഞാൻ ചന്ദ്രന്റെ ഇന്നത്തെ രൂപം വരച്ചു വയ്ക്കേണ്ടതുണ്ട്. എന്റെ 417ാമത്തെ പൂർണചന്ദ്ര ചിത്രം.
പ്രിയ വാതിൽക്കൽ വന്നു നിന്നു. 'നീ വീണ്ടും അവനെ നോക്കി നിൽക്കുകയാണോ?' അവളുടെ ശബ്ദത്തിൽ ദേഷ്യത്തിനപ്പുറം ഭയം നിറഞ്ഞിരുന്നു.
'ഇന്നത്തെ ചന്ദ്രന് മഞ്ഞപ്പൊടി നിറമാണ്,' ഞാൻ മറുപടി നൽകി.
'ഒരു ഡോക്ടറെ കാണിക്കണം, രാഘവാ. ഈ ഭ്രാന്ത് മതിയാക്കണം..."

ചന്ദ്രന്റെ പ്രകാശം ജനാലയിലൂടെ മുറിയിലേയ്ക്ക് കയറി വന്നു. എന്റെ തലയിൽ മൂളുന്ന ശബ്ദം കേട്ടുതുടങ്ങി —
'അവളെ ഇവിടെ നിന്ന് മാറ്റണം... എനിക്കും നിനക്കും ഇടയിൽ അവൾ എന്തിന്?"

അതിനുശേഷം എന്താണ് സംഭവിച്ചതെന്ന് എനിക്ക് ഓർമ്മയില്ല. ആശുപത്രിയിൽ കണ്ണുതുറന്നപ്പോൾ, ഡോക്ടർ മേനോൻ എന്റെ അരികിൽ നിന്നിരുന്നു.

'പ്രിയ എവിടെ?' ഞാൻ ചോദിച്ചു.
അദ്ദേഹം ഒന്നും പറഞ്ഞില്ല.
അന്നുമുതൽ ഞാൻ ഇവിടെയാണ്, എന്റെ മുറിയിൽ. പ്രിയയെ എന്റെ കൈകൾകൊണ്ട് ഞാൻ കൊലപ്പെടുത്തിയെന്ന് അവർ പറയുന്നു. എന്നാൽ എന്റെ ഓർമ്മകളിൽ അവൾ അപ്രത്യക്ഷ യാവുകയായിരുന്നു. ചന്ദ്രൻ അവളെ വലിച്ചെടുത്തു.
ചുമരിൽ ഒരേയൊരു ആശയം ഞാൻ ആവർത്തിച്ച് വരയ്ക്കുന്നു:
"ചന്ദ്രൻ എല്ലാം കാണുന്നു, എല്ലാം അറിയുന്നു.'
ഇന്ന് പൂർണിമയാണ്. ചന്ദ്രൻ എന്നെ കാത്തിരിക്കുന്നു. എന്റെ നീലനിറമുള്ള വിരലുകൾ ആകാശത്തേയ്ക്ക് ഉയർത്തി ഞാൻ പറയുന്നു 'ഇന്ന് രാത്രി ഞാൻ നിന്നെ സന്ദർശിക്കും, പ്രിയപ്പെട്ട വെള്ളിത്തളികേ."

മരുന്ന് ഗുളിക എന്റെ നാവിന്റെ അടിയിൽ, അതിനെ ഞാൻ തുപ്പിക്കളയുന്നു. ഇരുമ്പഴികൾക്കപ്പുറം, ചന്ദ്രൻ ഒരു രഹസ്യം പറയുന്നു:
'ഇന്ന് നീ എന്റെ ലോകത്തേയ്ക്ക് വരും.'
ശരിയാണ്, എന്റെ പ്രിയപ്പെട്ട ചന്ദ്രാ, ഞാൻ വരാം.

ഇത് ഭ്രാന്താണോ? എങ്കിൽ ഈ ഭ്രാന്ത് എത്ര മനോഹരം. വെളുപ്പിന് നഴ്സ് രാഘവേട്ടന്റെ മുറിയിൽ കടന്നപ്പോൾ, ജനാല തുറന്നിട്ടിരുന്നു. പുറത്ത് ചന്ദ്രൻ മഞ്ഞനിറത്തിൽ തിളങ്ങി നിന്നു. രാഘവേട്ടൻ അവിടെയുണ്ടായിരുന്നില്ല.
ചുമരിലെ ഒടുവിലത്തെ ചിത്രത്തിൽ, രാഘവേട്ടൻ വരച്ചിട്ടുപോയ വാക്കുകൾ:
'ചന്ദ്രന്റെ പ്രകാശം എന്നെ അറിയുമോ?
ഭ്രാന്തിന്റെ പൂർണചന്ദ്രനിൽ ഞാൻ ലയിച്ചു.
ഞാൻ വീണ്ടും പ്രിയയെ കാണും.'
ആരും അദ്ദേഹത്തെ പിന്നീട് കണ്ടിട്ടില്ല.

● ● ●

കവിത

സ്മൃതിവിചാരം



ആത്മ നൊമ്പരങ്ങൾ
ഇടയിലെപ്പോഴോ
കോർത്തു വലിക്കുന്നതായി തോന്നുമ്പോഴൊക്കെ
ഞാനെന്റെ ചിന്തകൾക്ക്
ചിന്തേരിടാൻ ശ്രമിക്കാറുണ്ട്..

ജനിമൃതികൾക്കപ്പുറം
ആവർത്തിച്ചു വരുന്ന
പാഴ് ശ്രുതികൾക്ക്
ചെവിയോർക്കാറുണ്ട്.
പൊട്ടി പൊളിഞ്ഞൊരു
മൺചിരാതുപോലെപ്പോഴോ
നനവാർന്ന സ്വപ്നങ്ങൾ
തിരയാറുണ്ട്...

ഓർമ്മകൾ തൻ
ഊഷര ഭൂമിയിൽ
എവിടെയോ രാക്കിളിപോൽ
കേഴാറുണ്ട് ...
ആർത്തലച്ചു പെയ്യുന്ന
മഴയിൽ തകർന്നു പോയൊരു
മുളന്തണ്ടു പോലെ
സ്വയമൊതുങ്ങാറുണ്ട്...

അതിനിടയിലെവിടെയോ
വിറയ്ക്കുന്ന വിരലുകൾക്ക്
സാന്ത്വനമെന്നോണം..
ജനിക്കാൻ കൊതിക്കുന്ന വരികളെ കവിതയെന്നാരോ
വിളിക്കുന്നുപോലും.

ഇതാവും കവിതയെങ്കിലെ
ത്രയോകവിതകൾ
പേറ്റുനോവറിയാതെ
കുഞ്ഞിളം ചുണ്ടിന്
പുഞ്ചിരി കാണാതെ
അമ്മേ.... യെന്നൊരു
വാക്കു കേൾക്കാതെ
യെന് കരാള ഹസ്തങ്ങളാ
ലൊരു തുള്ളി വെള്ളം
ചുണ്ടിലിറ്റിക്കാതെ
മൃതിയടഞ്ഞു പോയിരിക്കുന്നു...



വിനീത ശേഖർ

കഥ



അപർണ്ണ ആരുഷി

സാന്ദ്രം

ഇതുതെറ്റി മഴപെയ്യുന്ന പുലർക്കാലം. ഒടുവിലത്തെ രാത്രിവണ്ടിയിൽ നിന്നിറങ്ങിയ രണ്ടു പേർ റെയിൽവേ പ്ലാറ്റ്ഫോമിലെ തണുത്ത സിമന്റ് ബെഞ്ചിൽ ഒട്ടേറെ നേരമായി.

പരസ്പരം വർത്തമാനങ്ങളില്ലാതെയിരിക്കുന്നു.

ഒരു പുരുഷനും സ്ത്രീയും. ഒലീവ് നിറത്തിലുള്ള അയാളുടെ ഷർട്ടിലേക്ക്, അവളുടെ സാൽവാറിന്റെ ആകാശനീലിമ കാറ്റിൽ ചായുന്നത് കാണാം .

അയാൾക്ക് അവളെ ചുംബിക്കണം. അവൾക്ക് അയാളുടെ നെഞ്ചിലുള്ള കാക്കപ്പുള്ളിയോട് ചേർന്ന് ഒരു നിമിഷം നിശ്ചലമാകണം. അതിഗാഢമായ ഒരാലിംഗനത്തിന് വേണ്ടി മാത്രം, നിസ്സാമുദ്ദീനിൽ നിന്ന് അപരിചിതമായ ഒരു സ്റ്റേഷനിൽ ഇറങ്ങിയതാണവർ.

മഴ നിറഞ്ഞു പെയ്യുന്നതിന്റെ താളം, അവരുടെ ശ്വാസത്തിൽ പ്രണയത്തിന്റെ നീരാവി... അവൾ കൈത്തലങ്ങൾ കൂട്ടിത്തിരുമ്മുകയും, കവിളുകൾ ചൂടേറ്റുകയും ചെയ്തുകൊണ്ടിരുന്നു, സമ്പർക്ക ക്രാന്തിയുടെ ശബ്ദം ഇരച്ചുവരുവാൻ തുടങ്ങി. നീണ്ട ചൂളം വിളിയില്ലാതെ, അതു നിർത്താതെ കടന്നുപോകാനൊരുങ്ങുകയാണ്...

മഴച്ചാറ്റൽ നിറച്ചൊരു കാറ്റ് പഴയൊരു പാട്ട് പോലെ അവരെയാകെ നനച്ചു, അവൾ അയാളോട് ചേർന്നിരുന്നുകൊണ്ട് മുകളറ്റത്തെ ബട്ടൺസിൽ ചൂണ്ടുവിരൽ കൊണ്ട് അവ്യക്തമായതെന്തോ വരച്ചുതുടങ്ങി.

അയാൾ ഒരു പുരുഷനു സാധ്യമാവുന്നതിനേക്കാൾ ആർദ്രമായി അവളുടെ കൺപീലികളിൽ തൊട്ടു, മുറുകുന്ന തീവണ്ടിത്താളത്തിൽ അവരുടെ നോട്ടങ്ങൾ പരസ്പരം അശക്തമായി...

പരീക്ഷീണനായ് അയാൾ അവളിലേക്ക് തന്റെ പ്രേമഭാരങ്ങളെ, അപകർഷകതയെ, കനച്ചു തുടങ്ങിയ ചിന്തകളെ ഒക്കെയും കുടഞ്ഞുകളയുവാനൊരുമ്പെട്ടു...

സമ്പർക്കക്രാന്തിയുടെ ഉച്ചതയിൽ അയാളുടെ നെഞ്ചിലെ കാക്കപ്പുള്ളിയിലേക്ക് ആദ്യത്തെ കണ്ണുനീർത്തുള്ളികൾ വീണു, അവളുടെ ഇടുപ്പെല്ലുകളിൽ വിദ്യുത്ശരങ്ങൾ പാഞ്ഞു...

ഒരു സ്ത്രീയ്ക്കു സാധിക്കുന്നതിനേക്കാൾ ഗാഢമായ് അയാളെ പുണർന്നുകൊണ്ട് അവൾ ഉറക്കെ നിലവിളിച്ചു... തീവണ്ടിത്താളത്തിൽ ആഴങ്ങളിലേക്ക് താഴ്ന്നിറങ്ങുന്ന അവളുടെ ശബ്ദത്തെ, വിഴുങ്ങിക്കൊണ്ട് അയാൾ അവളുടെ ചുണ്ടുകളിലേക്ക് പടർന്നു...

നഗ്നമായ അയാളുടെ നെഞ്ചിലൂടെ ആദ്യത്തെ രക്തച്ചാലൊഴുകി, അവൾ അയാളെ മടിയിലേക്കു കിടത്തിക്കൊണ്ട് ദൈവത്തേക്കാൾ സാന്ദ്രമായ് തലോടി...

പിയാത്താ..!

കവിത



നീർക്കുമിളകൾ

ഊതിയെങ്ങും പറത്തീ കുമിളകൾ
ചാരുതയോടെ രണ്ടു കുരുന്നുകൾ
മേലെമേലേ ഉയർന്നിടും നേരമാ
ഗോളമെങ്ങോ മറഞ്ഞുവോ മായയായ്?

കുഞ്ഞുപൂക്കളെ ചുംബിച്ചുണർത്തവേ
മന്ദമാരുതൻ ചിന്തിച്ചു നിന്നുവോ
മെല്ലെ സൂര്യാംശുവെത്തിയ വേളയിൽ
കൊഞ്ചിനിന്ന ഹിമകണമെങ്ങു പോയ്

മാരിവില്ലിൻറെയേഴു നിറങ്ങളെ
ഗോളമായ് ജലം തന്നിലായ് കാണവേ
ഏറെ സുന്ദരദൃശ്യമതെങ്കിലും
തീരെയില്ലതിൻ ആയുസ്സറിവു നാം

സ്വപ്നമാം കളിയൂഞ്ഞാലു തന്നിലായ്
മർത്ത്യനാടുന്നു നിത്യവും ഹൃദ്യമായ്
ഒട്ടുമേ നിനച്ചീടാതെയെത്തുന്നു
വിട്ടു പോകുവാനുള്ളോരു മന്ത്രണം

നീർക്കുമിള ക്ഷണികമാം ജീവിത
ക്കാഴ്ച്ച തന്നെയെന്നോർത്തെങ്കിലിന്നു നാം
ആർത്തി, വൈരാഗ്യമെല്ലാം മറന്നു ചിത്
രൂപമൊന്നു മനസ്സിൽ നിറച്ചിടും



ശ്രീദേവി വിജയൻ

കഥ

രാത്രിയിലെ ലൈബ്രറി തുറന്ന മുയൽ



ആർ രാധാകൃഷ്ണൻ

ചന്ദ്രവനത്തിന്റെ നടുവിൽ റുമി എന്നൊരു ചെറിയ മുയൽ താമസിച്ചിരുന്നു. മറ്റു മുയലുകളെ പോലെ ഓട്ടപ്പന്തയത്തിലും കാരറ്റ് തിന്നൽ മത്സരത്തിലും അവന് വലിയ താല്പര്യമില്ലായിരുന്നു. പുസ്തകങ്ങളായിരുന്നു റുമിയുടെ ഏറ്റവും വലിയ സുഹൃത്ത്. എല്ലാ രാത്രിയിലും വനത്തിലെ മൃഗങ്ങൾ ഉറങ്ങിക്കഴിഞ്ഞാൽ, പഴയ തെരുവ് വിളക്കിന്റെ താഴെ ഇരുന്ന് റുമി കഥകൾ വായിക്കുമായിരുന്നു.

ഒരു മഴയുള്ള രാത്രി, ക്ഷീണിച്ച് നടന്നെത്തിയ ഒരു ആമ അവന്റെ അടുത്ത് നിന്നു.

'ഞാനും കഥ കേൾക്കട്ടേ?' ആമ ചോദിച്ചു.

റുമി ചിരിച്ച് തലകുനിച്ചു.

അടുത്ത ദിവസം രണ്ട് അണലികൾ വന്നു.

പിന്നീട് ഒരു കുറുക്കൻ.

കുറച്ച് ദിവസങ്ങൾക്കുള്ളിൽ കഥ കേൾക്കാൻ വലിയ കരടിയും എത്തി.

അങ്ങനെ ചെറിയ വിളക്കിന്റെ ചുറ്റും ഓരോ രാത്രിയും കഥാസമ്മേളനം തുടങ്ങി.

'ഇതിനായി ഒരു നല്ല സ്ഥലം വേണം,' ആമ പറഞ്ഞു.

അങ്ങനെ എല്ലാവരും ചേർന്ന് നദിക്കരയിലെ പഴയ മരവീട് വൃത്തിയാക്കി. ജീവിവർഗ്ഗത്തിലെ എഞ്ചിനീയർമാരായ ബീവറുകൾ മര അലമാരകൾ ഉണ്ടാക്കി.

പക്ഷികൾ നിറമുള്ള തൂവലുകൾ കൊണ്ടുവന്നു അലങ്കരിച്ചു.

മിന്നാമിനുങ്ങുകൾ ജനലുകളിൽ വിളക്കായി തിളങ്ങി.

അവർ ആ സ്ഥലത്തിന് ഒരു പേര് നൽകി:

"ചന്ദ്രപ്രകാശ ലൈബ്രറി'

പക്ഷേ ഒരു പ്രശ്നമുണ്ടായിരുന്നു.

പുസ്തകങ്ങൾ കുറവായിരുന്നു.

അതിനാൽ വനത്തിലെ മൃഗങ്ങൾ എല്ലായിടത്തും തിരഞ്ഞു. പഴയ പത്രങ്ങൾ, കീറിയ മാപ്പുകൾ, പാചകപുസ്തകങ്ങൾ, യാത്രാകഥകൾ — കിട്ടുന്നതെല്ലാം അവർ ലൈബ്രറിയിലേക്ക് കൊണ്ടുവന്നു.

ഒരു ദിവസം റുമി നിലത്തിനടിയിൽ ഒരു പഴയ പെട്ടി കണ്ടെത്തി.

അതിൽ പൊടിപിടിച്ച ഒരു കൈയെഴുത്ത് പുസ്തകം ഉണ്ടായിരുന്നു.

പുസ്തകത്തിന്റെ പേര്:

"ഇനിയും സംഭവിക്കാത്ത കഥകൾ'

ആ പുസ്തകത്തിൽ നിന്ന് ആരെങ്കിലും ഒരു കഥ വായിച്ചാൽ, അടുത്ത ദിവസം അത് യാഥാർത്ഥ്യമായി സംഭവിക്കും!

ഒരു തത്ത പഴങ്ങൾ നിറഞ്ഞ കാടിനെക്കുറിച്ച് വായിച്ചു — അടുത്ത ദിവസം വനമൊട്ടാകെ പഴങ്ങൾ നിറഞ്ഞു.

കുറുക്കൻ മഴയെക്കുറിച്ച് വായിച്ചു — വൈകുന്നേരം വലിയ മഴ പെയ്തു.

ഒരു കുരങ്ങൻ തമാശയായി 'ആകാശത്തിൽ നിന്ന് ആപ്പിളുകൾ വീഴുന്ന ദിവസം' എന്ന കഥ വായിച്ചു.

അടുത്ത മൂന്ന് മണിക്കൂർ മുഴുവൻ കാട്ടിൽ ആപ്പിൾപഴമഴ പെയ്തു!

റുമി മനസ്സിലാക്കി — ഈ പുസ്തകം വളരെ ശക്തിയുള്ളതാണ്.

ആ രാത്രി അവൻ പുസ്തകം പതുക്കെ അടച്ചു.

'കഥകൾ മനോഹരമാകുന്നത് അവ നമ്മളെ സ്വപ്നം കാണിക്കുന്നതിനാലാണ്... ലോകത്തെ നിയന്ത്രിക്കുന്നതിനല്ല,' റുമി പറഞ്ഞു.

എല്ലാവരും അതിന് സമ്മതിച്ചു.

അവർ പുസ്തകം സുരക്ഷിതമായി അടച്ചുവെച്ചു.

പിന്നീട് ഓരോ രാത്രിയിലും മൃഗങ്ങൾ വീണ്ടും ലൈബ്രറിയിൽ കൂടി — മായാജാലത്തിനല്ല, സൗഹൃദത്തിനും സന്തോഷത്തിനും കഥകളുടെ അത്ഭുതത്തിനുമായി.

ആ രാത്രിമുതൽ വനത്തിൽ നിശ്ശബ്ദത കൂടുമ്പോഴൊക്കെ ആരെങ്കിലും പറയും:

"നമുക്ക് റുമിയുടെ കഥ കേൾക്കാൻ പോയാലോ!'



താരാ കമൽ

വീണ്ടെടുക്കൽ

വിലങ്ങുകളുടെ തിരോർമ്മകൾ മരവിച്ച കരച്ചിലൊച്ചകൾ
പിന്നിട്ട വർഷങ്ങളിലേവം
മുറിഞ്ഞുവീണ വിധിയുടെ വെളിച്ചവും

തിളയ്ക്കുന്ന രുധിരഗന്ധത്തിൽ
കുളിച്ചീറനുടുത്തവർ
മായുന്ന കാലത്തെ മുറുക്കിപ്പിടിച്ചവർ
ചതിക്കുഴിയുടെ അഗാധതയിൽ തേടിയുണർത്തിയ ചിതറിയ
ചിന്തകൾ

നിഷേധിക്കപ്പെട്ടവരുടെ
ഒച്ച തളർത്തിയ
ഒരായിരം കൂട്ടങ്ങൾ
ചിരി മറയുമ്പോഴും ഉറപ്പുപോലെ
പാടിയുറക്കിയ സത്യാനുഭവം
അർത്ഥപൂർണ്ണമായ എത്രയെത്ര പുഞ്ചിരികൾ

ഇരുമ്പ് കെണിയുടെ പിന്നിൽ
വിമർശനത്തിന്റെ ലോകത്തെ കവചമെന്നപോലെ
പിടിച്ചു കെട്ടിയ ജന്മങ്ങൾ
സ്വപ്നം കാണുവാൻ ഏറെയാശയുണ്ടെങ്കിലും
ചിന്തിക്കാൻ കെല്പിലാതായവർ

പാറയിൽ പണിതു വെച്ച ശില്പികൾ
കാലം കണ്ടറിഞ്ഞ തീയോർമ്മയിൽ
തിരികെ നൽകിയ വാഗ്ദാനങ്ങൾ
പിരിമുറുക്കിയ നിമിഷങ്ങൾ

ചഞ്ചലമാം മനസ്സിനെ വീണ്ടെടുത്ത്
ഉയരങ്ങളിലേക്കെത്താനുള്ള സ്വാതന്ത്ര്യം
പാദങ്ങളെ തഴുകിയ ഒരുമയുടെ ഊർജ്ജം വീണ്ടെടുക്കാനുള്ള
സ്വാതന്ത്ര്യം
ഓടിപ്പായും നിനവുകൾ എണ്ണിപ്പറയാനുള്ള സ്വാതന്ത്ര്യം
വിശ്വസ്തതയുടെ വെളിച്ചത്തിൽ പറക്കുവാൻ ഉള്ള സ്വാതന്ത്ര്യം
മറക്കുന്ന മൊഴികളുടെ ഓർമ്മക്കുറിപ്പ്...



THANKS



The place where Malayalees in Singapore Stay Connected

www.sgmalayalees.com